# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 358** **15.03.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി ഏജന്റുമാരുടെ സമര പ്രഖ്യാപനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.കുഞ്ഞിരാമൻ**<br>**ശ്രീ. മാത്യു എബ്രഹാം**<br>**ശ്രീ. വി.അബ്ദുറഹിമാൻ**<br>**ശ്രീ. കെ.ജെ.മാക്സി** | | **ഡോ.ടി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| (എ) | ലോട്ടറി ഏജന്റുമാരുടെ സമരപ്രഖ്യാപനത്തിന് ആധാരമായ പ്രശ്നങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കേരള ഭാഗ്യക്കുറിയെ സംരക്ഷിക്കുക എന്ന സന്ദേശമുയർത്തിക്കൊണ്ട് കേരള ഭാഗ്യക്കുറി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഈ മേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ സംയുക്തമായി ഫെബ്രുവരി 19 മുതൽ മാർച്ച് 1 വരെ സംസ്ഥാന വാഹന പ്രചരണ ജാഥയും മാർച്ച് 2-ന് രാജ്ഭവൻ മാർച്ചും സംഘടിപ്പിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ വിവിധ നയങ്ങളും നടപടികളും സംസ്ഥാന ലോട്ടറിയെ ഏതു വിധത്തിൽ ബാധിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) & (സി) | നറുക്കെടുപ്പിന്മേലുള്ള നികുതി നിയമം (Kerala Tax on Paper Lotteries Act 2005) അനുസരിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പ്രതിവാര നറുക്കെടുപ്പുകൾക്ക് 50 ലക്ഷം രൂപയും ബമ്പർ നറുക്കെടുപ്പുകൾക്ക് ഒരു കോടി രൂപയും നികുതിയായി ഒടുക്കി വരുന്നു. പ്രസ്തുത നിയമത്തിൽ നികുതി ഏർപ്പെടുത്തിയതിന് പുറമെ എല്ലാ ഭാഗ്യക്കുറികളും (സംസ്ഥാന/ അന്യസംസ്ഥാന) ലോട്ടറി നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ലോട്ടറി പ്രമോട്ടർമാർക്ക് രജിസ്ട്രേഷനും നിഷ്കർഷിച്ചിട്ടുണ്ട്. ഭരണഘടനയുടെ 101-ാം ഭേദഗതിയിലൂടെ ദേശവ്യാപകമായി ഏകീകൃത നികുതി സമ്പ്രദായം (Goods and Service Act) നിലവിൽ വരുന്നതോടുകൂടി Kerala Tax on Paper Lotteries Act 2005-ന്റെ നിയമസാധുത ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും പ്രസ്തുത ആക്റ്റ് കാലഹരണപ്പെടുകയും ചെയ്തേക്കാം. |
| (സി) | പ്രതിസന്ധി പരിഹരിക്കാനായി സംസ്ഥാന സർക്കാരിന് ഏത് വിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ ? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാന ലോട്ടറി കേന്ദ്ര ലോട്ടറി നിയമത്തിന് വിധേയമായാണ് സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പ് വരുത്തുവാൻ സംസ്ഥാന സർക്കാരിനുള്ള ഒരു ഉപാധി ഈ നിയമമാണ്. പ്രസ്തുത നിയമം ഇല്ലാതാകുന്നത് അതീവ ഗൗരവമുള്ള സാഹചര്യമാണ്.<br><br>ഈ സാഹചര്യം ഒഴിവാക്കുന്നതിനായി സംസ്ഥാന നിയമസഭയുടെ നിയമ നിർമ്മാണ അധികാരപരിധിയിൽ നിന്നു കൊണ്ടുള്ള ഒരു പുതിയ നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കേന്ദ്ര സർക്കാർ 08-11-16 മുതൽ 500/-, 1,000/- രൂപ നോട്ടുകൾ അസാധുവായി പ്രഖ്യാപിച്ചതിനെ തുടർന്ന് 2016 നവംബർ മാസത്തിൽ 8 നറുക്കെടുപ്പുകൾ റദ്ദാക്കുകയും 10 നറുക്കെടുപ്പുകൾ നീട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡിസംബർ, ജനുവരി മാസങ്ങളിലായി നറുക്കെടുക്കേണ്ട നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയുടെ 3 നറുക്കെടുപ്പുകളും റദ്ദാക്കിയിട്ടുണ്ട്. Demonetization-നെ തുടർന്ന് ഭാഗ്യക്കുറി ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും, പൊതുജനങ്ങൾക്ക് ഏജന്റുമാരിൽ നിന്നും ടിക്കറ്റ് വാങ്ങാൻ സാധ്യതമാകാത്തതിനെ തുടർന്ന് 30/-, 50/- രൂപ ഭാഗ്യക്കുറികളുടെ അച്ചടിയിലും ഗണ്യമായ കുറവ് വരുത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ.**